# പാതിനോമ്പ്

*(പാതിനോമ്പിൻെറ ബുധനാഴ്ച രാവിലെ പെരുന്നാൾ മുറയനുസരിച്ച് വിശുദ്ധ കുർബാന അനുഷ്ഠിക്കുകയും കുർബാനമധ്യേ 'ബസ്മൽക്കൊ' ചൊല്ലിയശേഷം തലേദിവസം സന്ധ്യാ പ്രാർത്ഥന സമയത്ത് മ്നൊർത്തോയിന്മേൽ നാട്ടിയ കുരിശെടുത്തുകൊണ്ട് കുട, കൊടി, ഏവൻഗേലിയോൻ ആദിയായവയുമായി ആഘോഷമായി പള്ളിയുടെ വടക്കേ വാതിൽവഴി പുറപ്പെട്ട് പള്ളിക്കുചുററും പ്രദക്ഷിണം നടത്തി തേക്കെ വാതിൽവഴി അകത്തു പ്രവേശിക്കുകയും ചെയ്യുന്നു. തുടർന്ന് ബീമായിലൊ മദ്ബഹായിലൊ നിന്നുകൊണ്ട് പട്ടക്കാരൻ സ്ലീബാ ആഘോഷം നടത്തിയശേഷം കുരിശ് പള്ളിയുടെ മധ്യേ മ്നൊർത്തോയിന്മേൽ തന്നെ വച്ചിട്ട് കുർബാന പൂർത്തിയാക്കുന്നു.)*

### *പ്രദക്ഷിണ സമയത്തെ ഗീതം*

**(കൂക്കോയൊ)**

സ്ലീബായെ വന്ദിപ്പാനായ് ഹേലേനി രാജ്ഞി
നൃപപട്ടണമാം റോമയിൽ നിന്നേറുശലേമാർന്നു
യൂദൻമാരെ-ക്കൂട്ടിചൊന്നേവം
കാണിച്ചിടുവിൻ-സ്ലീബാവച്ചോരിടം.
ഞങ്ങൾക്കുണ്ടൊരു പ്രമുഖൻ നീയവനോടാരാഞ്ഞാൽ
മിശിഹാതൻ സ്ലീബായമരം സ്ഥാനം കാണിക്കും
ഹാലേലുയ്യാ-എന്നവരുരചെയ്തു



അമ്മാനുയേൽ ദേവേശൻ തരുവിൽ തൂങ്ങി
ഇൽശാദായ് തനയൻ വീരൻ തലതാഴ്ത്തി മരിച്ചു.
ആത്മം മാത്രം-തരുവിൽ കൈവിട്ടു
നിജസാരാംശം-മേനിയിൽ നിവസിച്ചു
വേർപെട്ടാൻ നിസ്സാരമതാം മാനുഷമാം ജീവൻ
വിലപിച്ചീടുന്നുന്നതനെ ക്രൂശിച്ചോർ യൂദർ
ഹാലേലുയ്യാ-കഷ്ടമവർക്കെന്നും

## സ്ലീബാ ആഘോഷം

### *കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട്*

### *പ്രാർത്ഥന*

***പട്ടക്കാരൻ:-*** ഞങ്ങളുടെ ദൈവമായ മിശിഹാ! ദീർഘ
ദർശിമാരുടെ തലവനായ മോശയുടെ വടിയുടെ രഹസ്യ
നിന്നെ സൂചിപ്പിച്ചു; ഇസ്രയേല്യരുടെ പാളയത്തിൻെ
നടുവിൽ അത് നാട്ടപ്പെട്ടപ്പോൾ രക്ഷാകരമായ നിൻെ
സ്ലീബായേയും അതു സൂചിപ്പിച്ചു. ഇപ്പോൾ വിശുദ്ധ സ
ഇതാ വിശുദ്ധ നോമ്പിൻെറ മധ്യത്തിൽ അതിൻെറ പ്ര
കളുടെ സംരക്ഷണത്തിനും സംവത്സരത്തിൻെറ അനുഗ്രഹ
ത്തിനും ഫലങ്ങൾ അനുഗ്രഹിക്കപ്പെട്ട് എല്ലാ ഉപദ്രവങ്ങളിര
നിന്നും സംരക്ഷിക്കപ്പെടുന്നതിനും ശിക്ഷകളിൽ നിന്നു
കോപത്തിൻെറ വടികളിൽ നിന്നുമുള്ള സംരക്ഷയ്ക്കു
വേണ്ടി ജീവദായകമായ നിൻെറ സ്ലീബായെ ആഘോഷ
ക്കുന്നു. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിനെ
യും നിൻെറപിതാവിനേയും വിശുദ്ധ റൂഹായേയും സ്തോത്ര
ചെയ്ത് മഹത്വപ്പെടുത്തുമാറാകണമേ. ഹോശോ...

### *പെത്ഗോമൊ*

*ഞങ്ങളുടെ ശത്രുക്കളെ നിന്നാൽ ഞങ്ങൾ കുത്തി മുറിക്കയും ഞങ്ങളുടെ എതിരാളികളെ നിൻെറ നാമംമൂലം ഞങ്ങൾ ചവിട്ടുകയും ചെയ്യും.*

(മസ്അക്കോനൂസൊ)

സൌഖ്യം പിത്തളസർപ്പത്തെ
വീക്ഷിച്ചോർക്കുളവായതുപോൽ
സ്ലീബായെനതി ചെയ്യുന്നോർ
രോഗശമനം നേടുന്നു
കരുണാസാഗരമാം നാഥാ!
പ്രാർത്ഥിച്ചടിയാരോതുന്നു

കുറിയേ...കുറിയേ...കുറിയേ...

### *പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്നുകൊണ്ട്*

ഞങ്ങളുടെ ദൈവമായ മിശിഹാ! ഞങ്ങൾ നിഗളത്തിൽ നിന്നും പ്രശംസയിൽ നിന്നും വെടിപ്പാക്കപ്പെട്ട് നിൻെറ വിശുദ്ധന്മാരായ ദീർഘദർശിമാർ മുഖാന്തിരം സൂചിപ്പിക്കപ്പെട്ടിട്ടുള്ള നിൻെറ വിശുദ്ധ രഹസ്യങ്ങളുടെ സ്മരണയെ അനുഷ്ഠിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. ജീവദായകമായ നിൻെറ സ്ലീബായുടെ രക്ഷാകരമായ അടയാളം ഞങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കണമേ. അതിനെ ദർശിക്കുന്നതിനാൽ ഞങ്ങളുടെ മനസ്സ് വെടിപ്പാക്കപ്പെടുകയും അതിനെ വന്ദിക്കുന്നതിനാൽ ഞങ്ങളുടെ വിചാരങ്ങൾ വിശുദ്ധമാക്കപ്പെടുകയും ചെയ്യുമാറാകണമേ. സർവ്വ ദുഷ്ടഗണങ്ങളും ഞങ്ങളിൽനിന്ന് ഓടിപ്പോകുമാറാകണമേ. നിൻെറ സ്ലീബായുടെ അട



യാളത്താൽ വഞ്ചനയുടെ ആത്മാക്കൾക്കെതിരായി ഞങ്ങളെ ഭീകരന്മാരാക്കിത്തീർക്കണമേ. കർത്താവേ! ഞങ്ങൾനിന്നെയും നിൻെറ പിതാവിനേയും വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും വന്ദിച്ച് പുകഴ്ത്തുമാറാകണമേ. ഹോശൊ...

### *പെത്ഗോമൊ*

*(അവനിൽ സൂക്ഷിച്ച് അവനിൽ ശരണപ്പെടുവിൻ, നിങ്ങൾ ലജ്ജിക്കേണ്ടി വരികയില്ല.)*

(മസ്അക്കോനൂസൊ)

നോമ്പിൻമദ്ധ്യേ ജീവദമാം
സ്ലീബായിൽ വിജയപതാക
നൽകിയ രക്ഷാകരനേ! നി-
ന്നവതാരം വിസ്മയനീയം
കരുണാസാഗരമാം നാഥാ!
പ്രാർത്ഥിച്ചടിയാരോതുന്നു,

കുറിയേ...കുറിയേ...കുറിയേ...

### *വടക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്*

പൂർവ്വിക ദീർഘദർശിമാരാൽ സൂചിപ്പിക്കപ്പെട്ടവനും പാളയമദ്ധ്യത്തിൽ നാട്ടിയ പിത്തളസർപ്പംമൂലം മോശ ദൃഷ്ടാന്തപ്പെടുത്തിയവനുമായ ദൈവമേ! നീ സ്ലീബാമേൽ ഉയർത്തപ്പെട്ടപ്പോൾ നിന്നെ ആരാധിക്കുവാനായി സൃഷ്ടികളെ നീ ആകർഷിച്ചു. ഫെറഓനേയും ആമോലേക്കിനെയും നീ നശിപ്പിച്ചു. കർത്താവേ! നിൻെറ സ്ലീബായുടെ പാർശ്വങ്ങളിൽ ഞങ്ങളെ മറച്ചുകൊള്ളണമേ. കർത്താവേ! അബ്ഗാർ രാജാവിൻെറ അപേക്ഷകേട്ട് വേദനകളിൽ നിന്നും രോഗങ്ങളിൽ നിന്നും അവനു സ്വസ്ഥത

നൽകിയതുപോലെ ബലഹീനരും പാപികളുമായി നിൻെറ ദാസരാകുന്ന ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് നിൻെറ സ്ലീബായാൽ ഞങ്ങളുടെ മുറിവുകളെ സുഖപ്പെടുത്തണമേ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ നിത്യദൈവവുമേ! നിൻെറ കരുണയാൽ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിക്കണമേ. മോറാൻ...

### *പെത്ഗോമൊ*

*(എതിരാളികളിൽ നിന്നു ഞങ്ങളെ രക്ഷിക്കുകയും ഞങ്ങളുടെ ശത്രുക്കളെ ലജ്ജിപ്പിക്കുകയും ചെയ്തവൻ നീയാകുന്നു.)*

(മസ്അക്കോനൂസൊ)

ദുഷ്ടാത്മാവോടടരാടാൻ
ശക്തി നരർക്കില്ലാത്തിനാൽ
നോമ്പും ജീവസ്ലീബായും
നാഥൻ നമ്മൾക്കായ് നൽകി
കരുണാസാഗരമാം നാഥാ!
പ്രാർത്ഥിച്ചടിയാരോതുന്നു.

കുറിയേ..കുറിയേ...കുറിയേ...

### *തെക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട്*

പിത്തള സർപ്പത്താൽ സൂചിപ്പിക്കപ്പെടുകയും ഉപമിക്കപ്പെടുകയും ചെയ്ത മിശിഹാതമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. പാപത്തിൻെറ മരണകരമായ വിഷം ഞങ്ങളിൽ നിന്ന് നീക്കിക്കളഞ്ഞ് സാത്താൻെറ ദംശങ്ങളിൽ നിന്ന് ഞങ്ങളുടെ ആത്മശരീരങ്ങളെ സുഖപ്പെടുത്തണമേ. ആ പിത്തളസപ്പം അതിൽ ദൃഷ്ടിയുറപ്പിക്കുന്നവരെ സുഖപ്പെടു



ത്തിയിരുന്നതുപോലെ കർത്താവേ! ഞങ്ങളുടെ ദൃഷ്ടി നിന്നിലും നിൻെറ സ്ലീബായിലും പതിഞ്ഞിരിക്കുന്നതിനാൽ ഞങ്ങളുടെ വേദനകളെയും രോഗങ്ങളെയും സുഖപ്പെടുത്തണമേ. ഞങ്ങളുടെ കണ്ണുകൾ നിങ്കൽ പതിഞ്ഞിരിക്കുന്നു; ഞങ്ങളുടെ ശരണവും പ്രത്യാശയും സദാ നിന്നിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഞങ്ങളുടെ ജീവൻെറ രക്ഷിതാവും ഉദ്ധാരകനുമായി നിന്നെ ഞങ്ങൾ അറിയുകയും ചെയ്യുന്നു. നിനക്കും നിൻെറ പിതാവിനും വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററുന്നു.

ഹോശോ...

### *പെത്ഗോമൊ*

*(നിൻെറ രക്ഷയിൻ പരിച എനിക്കു നീ നൽകി നിൻെറ വലതുകൈ എന്നെ സഹായിക്കുകയും നിൻെറ ശിക്ഷണത്തിൽ എന്നെ വളർത്തുകയും ചെയ്യണമേ.)*

(മസ്അക്കോന്നൂസൊ)

ദുഷ്ടാത്മാവിൽ സേനയെവെ-
ന്നാത്മീയം ജീവൻ നേടാൻ
നോമ്പിൻ നടുവിൽ ജീവദമാം
സ്ലീബായെ രക്ഷകനേകി
കരുണാസാഗരമാം നാഥാ!
പ്രാർത്ഥിച്ചടിയാരോതുന്നു.

കുറിയേ..കുറിയേ...കുറിയേ...

## ഹൗദ് മാലാഖേ

### *കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട്*

***പട്ടക്കാരൻ:-*** ദൂതൻമാർ സേ-വിപ്പോനേ!

***ജനം:-*** ഈശാ! നീ പരിശുദ്ധൻ

ക്രോബേൻമാർ വാ-ഴ്ത്തുന്നോനേ!

ശക്താ! നീ പരിശുദ്ധൻ.

സ്രാപ്പികൾ കാദി-ശാർപ്പോനേ!

മൃതിഹീനാ! നീ പരിശുദ്ധൻ.

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.

ഞങ്ങൾക്കായ് ക്രൂശേറോനേ! കൃപചെയ്യേണം.

### *പടിഞ്ഞാറോട്ട് തിരിഞ്ഞുകൊണ്ട്*

തീമയർ ഹാലൽ-ചൊൽവോനേ!

ഈശാ! നീ പരിശുദ്ധൻ,

ആത്മീയർ ശ്ലാഘിപ്പോനേ!

ശക്താ! നീ പരിശുദ്ധൻ

മൺമയരാഘോ-ഷിപ്പോനേ!

മൃതിഹീനാ! നീ പരിശുദ്ധൻ.

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു

ഞങ്ങൾക്കായ് ക്രൂശേറോനേ! കൃപചെയ്യേണം.

### *വടക്കോട്ട് തിരിഞ്ഞുകൊണ്ട്*

മേലുള്ളോർ മാ-നിപ്പോനേ

ഈശാ! നീ പരിശുദ്ധൻ.

മധ്യമർ കീർത്തി-ക്കുന്നോനേ!

ശക്താ! നീ പരിശുദ്ധൻ..

കീഴുള്ളോർ കൂ-പ്പുന്നോനേ!

മൃതിഹീനാ! നീ പരിശുദ്ധൻ.

വിശ്വാസിനിയാം തിരുസഭതൻ സുതരർഥിക്കുന്നു.

ഞങ്ങൾക്കായ് ക്രൂശേറോനേ! കൃപചെയ്യേണം



### *തെക്കോട്ട് തിരിഞ്ഞുകൊണ്ട്*

നാഥാ! കൃപചെയ്തിടണമേ

നാഥാ! കൃപചെയ്യുക കനിവാൽ

നാഥാ! കർമ്മാർത്ഥനകളെ നീ

കൈക്കൊണ്ടും കൃപചെയ്തീടേണം.

ദേവേശാ! തേ സ്തോത്രം

സ്രഷ്ടാവേ! തേ സ്തോത്രം,

പാപികളാം ദാസരിലലിയും മിശിഹാ-

രാജാവേ! സ്തോത്രം, ബാറെക്മോർ

***പട്ടക്കാരൻ-*** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ....